**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ആരോഗ്യവകുപ്പു അഡീഷണൽ ഡയറക്ടറുടെ(മെഡിക്കൽ) നടപടിക്രമം,.**

വിഷയം:- ജീവനക്കാര്യം - ഗ്രേഡ്-1 സ്റ്റാഫ് നഴ്സ് തസ്തികയിൽ നിന്നും ഹെഡ് നഴ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം.ഇ5-87602/2017/ആ.വ.ഡ. തീയതി:02/11/2017.
2. ഉത്തരവ് നം.ഇ.2279/17 സൂപ്രണ്ട് താലൂക്ക് ആശുപത്രി, പുനലൂർ തീയതി:23/11/2017.
3. ഉത്തരവ് നം.എ5-18925/2017/ജി.മെ.ആ.കൊല്ലം, തീയതി:23/11/2017.
4. ഉത്തരവ് നം.ഇ2-3111/2018/ആ.വ.ഡ. തീയതി:25/01/2018.

**ഉത്തരവ് നം.ഇ.ഇ5-20157/2017/ആ.വ.ഡ, തീയതി: 08/02/2018.**

ശ്രീമതി.അന്നമ്മ ജോൺ 10/11/2008-ലെ ഉത്തരവ് പ്രകാരം ഗ്രേഡ്-1 സ്റ്റാഫ് നഴ്സായി സ്ഥാനക്കയറ്റം നേടുകയും അതിന്റെ അടിസ്ഥാനത്തിൽ ഹെഡ് നഴ്സ് തസ്തികയിൽ പ്രമോഷൻ ലഭിക്കുകയും ചെയ്തു. എന്നാൽ 18/04/2008 മുതൽ 08/06/2009 വരെ ടിയാരി ശൂന്യവേതനാവധിയിലായിരുന്നതിനാൽ ടിയാരിയുടെ ഗ്രേഡ്-1 സ്റ്റാഫ് നഴ്സ് സീനിയോരിറ്റി പുനർനിർണ്ണയിക്കുകയും നിലവിലുണ്ടായിരുന്ന 1680 റാങ്കിൽ നിന്നും 1724 റാങ്കുനമ്പരായി സീനിയോരിറ്റി പുനക്രമീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന(1) പ്രകാരം ടിയാരിയെ ഹെഡ് നഴ്സ് തസ്തികയിൽ നിന്നും ഗ്രേഡ്-1 സ്റ്റാഫ് നഴ്സ് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി ഉത്തരവാകുകയും സൂചന(3) ഉത്തരവ് പ്രകാരം പുനലൂർ താലൂക്ക് ആശുപത്രിയിൽ നിയമനം നല്കുകയും ചെയ്തു.

എന്നാൽ ശ്രീമതി.അന്നമ്മജോണിന് നിലവിലെ സീനിയോരിറ്റി ലിസ്റ്റിലെ റാങ്ക് നമ്പർ പ്രകാരം ഗ്രേഡ്-1 സ്റ്റാഫ് നഴ്സ് തസ്തികയിൽ നിന്നും ഹെഡ് നഴ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

മേൽസാഹചര്യത്തിൽ പുനലൂർ താലൂക്ക് ആശുപത്രിയിലെ ഗ്രേഡ്-1 സ്റ്റാഫ് നഴ്സ് ശ്രീമതി.അന്നമ്മജോണിനെ ഹെഡ് നഴ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സൂചന(4)ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഹെഡ് നഴ്സ് ഒഴിവിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീമതി.അന്നമ്മജോൺ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതും യഥാസമയം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ടി ഉത്തരവിന്റെ പകർപ്പ് ശേഖരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**(ഒപ്പ്)**
**ഡോ.ബിന്ദു മോഹൻ**
**ആരോഗ്യവകുപ്പുഅഡീഷണൽ ഡയറക്ടർ**
**(മെഡിക്കൽ)**

സ്വീകർത്താവ്:

അന്നമ്മജോൺ, സ്റ്റാഫ്നഴ്സ് ഗ്രേഡ്-1 (മേലധികാരി മുഖേന)

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), തിരുവനന്തപുരം/കൊല്ലം.
2. സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം/താലൂക്ക് ആശുപത്രി, പുനലൂർ.
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

Nb 8/2/18